**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3362** **25-10-2021 - ൽ മറുപടിയ്ക്ക്**

**തോട്ടങ്ങളെ സംബന്ധിച്ച വിവരശേഖരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ . പി . ഉബൈദുള്ള | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സ്വാതന്ത്ര്യത്തിന് മുമ്പ് വിദേശ കമ്പനികളുടെ അധീനതയിലായിരുന്നതും സ്വാതന്ത്ര്യത്തിന് ശേഷം സംസ്ഥാനത്തിന് അവകാശപ്പെട്ടതുമായ തോട്ടങ്ങളെ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ; | (എ) | നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് മലയാളം പ്ലാന്റേഷൻസ് (യു.കെ) ലിമിറ്റഡ് സ്വാതന്ത്ര്യത്തിനു മുമ്പ് കൈവശം വച്ചിരുന്ന ഭൂമി നിലവിൽ ഹാരിസൺസ് മലയാളം ലിമിറ്റഡും അവരിൽ നിന്നും ഭൂമി നേടിയവരും മറ്റ് കൈയ്യേറ്റക്കാരും കൈവശം വച്ചു വരുന്നു. പ്രസ്തുത ഭൂമിക്ക് പുറമേ സ്വാതന്ത്ര്യത്തിനു മുമ്പ് മറ്റ് വിദേശ കമ്പനികളും പൗരൻമാരും കൈവശം വച്ചിരുന്ന ഭൂമി സ്വാതന്ത്ര്യാനന്തരം കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ നിലവിലെ കൈവശക്കാർക്ക് നിയമപ്രകാരം കൈമാറിയിട്ടില്ലെങ്കിൽ അത്തരം ഭൂമി 1957ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്നതിന് സംസ്ഥാനതല സ്പെഷ്യൽ ഓഫീസറെ നിയോഗിച്ച് കൊണ്ട് 30.12.2015 ൽ സ.ഉ (കൈ)703/2015/റവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൻപ്രകാരം സ്പെഷ്യൽ ഓഫീസർ പ്രാഥമിക വിവര ശേഖരണം നടത്തിയിട്ടുണ്ട്. |
| (ബി) | ഇത്തരം തോട്ടങ്ങൾ സ്വദേശ കമ്പനികൾ അനധികൃതമായി കൈവശം വച്ചിരിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. സ്വാതന്ത്ര്യത്തിന് മുമ്പ് വിദേശ കമ്പനികളും പൗരൻമാരും കൈവശം വച്ചിരുന്ന സർക്കാർ ഗ്രാന്റുകളിലും പാട്ടങ്ങളിലും ഉൾപ്പെട്ട ഭൂമിയും സ്വകാര്യ പാട്ട ഭൂമിയും നിലവിലെ കൈവശക്കാർ നിയമപ്രകാരം അവരുടെ പേരിൽ ഉടമസ്ഥത സ്ഥാപിക്കാതെ അനധികൃതമായി കൈവശം വച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ പൊതുതാൽപര്യം സംരക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികളും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളും വിശദമാക്കുമോ? | (സി) | 1957ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം നടത്തിയ നടപടികളുടെ ആദ്യഘട്ടമായി, ഹാരിസൺസ് മലയാളം ലിമിറ്റഡും, അവരിൽ നിന്നും ഭൂമി നേടിയവരും , മറ്റ് കമ്പനികളും കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി |

കൈവശം വച്ചിരുന്ന 38,171 ഏക്കർ ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ ഓഫീസർ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവുകൾക്കെതിരെ ഹാരിസൺസ് മലയാളം ലിമിറ്റഡും മറ്റുള്ളവരും ഫയൽ ചെയ്ത WP(C)33122/2014 & Ors ൽ ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് 11.04.2018 ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ കേരള ഭൂസംരക്ഷണ നിയമപ്രകാരം നിയോഗിക്കപ്പെട്ട സ്പെഷ്യൽ ഓഫീസർക്ക് ഭൂമിയുടെ ഉടമസ്ഥത നിശ്ചയിക്കുന്നതിന് "ജൂറിസ്ഡിക്ഷൻ" ഇല്ല എന്നു നിരീക്ഷിച്ചുകൊണ്ട് ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ പുറപ്പെടുവിച്ച നടപടിക്രമങ്ങൾ റദ്ദു ചെയ്യുകയുണ്ടായി. ഉടമസ്ഥത സംബന്ധിച്ച് തർക്കമുണ്ടെങ്കിൽ സർക്കാരിനു സിവിൽ കോടതിയിൽ കേസുകൾ ഫയൽ ചെയ്യാവുന്നതാണെന്നും സർക്കരിന്റെ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങൾക്ക് വ്യവസ്ഥാപിതമായ മറ്റു നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ബഹു. ഡിവിഷൻ ബഞ്ച് നിർദ്ദേശിച്ചിരുന്നു. ടി വിധിക്കെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീലുകളിൽ വിശദമായ വാദം കേൾക്കാതെ തന്നെ ബഹു. സുപ്രീംകോടതി തള്ളുകയുണ്ടായി. പ്രസ്തുത വിധിന്യായങ്ങളുടെ പശ്ചാത്തലത്തിൽ തർക്കഭൂമിയിൽ സർക്കാരിനുള്ള ഉടമസ്ഥത (Title) സ്ഥാപിക്കുന്നതിനായി സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിനു ജില്ലാ കലക്ടർമാരെ ചുമതലപ്പെടുത്തികൊണ്ട് 06/06/ 2019 ൽ സ.ഉ(കൈ)172/2019/റവ നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഹാരിസൺസ് മലയാളം ലിമിറ്റഡും, അവരിൽ നിന്നും ഭൂമി നേടിയവരും , മറ്റ് കമ്പനികളും കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലായി കൈവശം വച്ചിരിക്കുന്ന ഭൂമിയിൽപ്പെട്ട 29426.50 ഏക്കർ ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിച്ച് കിട്ടുന്നതിനായി സിവിൽ കേസുകൾ നിലവിൽ ഫയൽ ചെയ്തിട്ടുണ്ട്. മറ്റു ജില്ലകളിലും അത്തരം കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ